**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - സാമൂഹ്യ സുരക്ഷാ പെൻഷൻ-വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് മാത്രം പരിഗണിച്ചാൽ മതിയെന്ന് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ — ബി) വകുപ്പ്**

സ.ഉ.(സാധാ) നം. 6060/2017/ധന     തിരുവനന്തപുരം, തീയതി 01/08/2017

---

പരാമർശം:- 07/07/2017 തിയതി ധനകാര്യ ജോയിന്റ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സ്

**ഉത്തരവ്**

1. പെൻഷൻ അപേക്ഷകർ ഹാജരാക്കുന്ന വരുമാന സർട്ടിഫിക്കറ്റിന്മേൽ പലപ്പോഴും തർക്കങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് മാത്രം പരിഗണിച്ചാൽ മതിയെന്ന് പ്രാദേശിക സർക്കാരുകൾക്ക് നിർദ്ദേശം നൽകണമെന്ന് 07/07/2017 ൽ കൂടിയ യോഗത്തിൽ തീരുമാനിക്കുകയും ആയത് സംബന്ധിച്ച് ഉത്തരവ് നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനുള്ള വരുമാന പരിധി നിർണ്ണയിക്കുന്നതിന് അപേക്ഷകൻ വസിക്കുന്ന പ്രദേശത്തെ വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് മാത്രം പരിഗണിച്ചാൽ മതിയെന്ന് അംഗീകരിച്ച് ഉത്തരവാകുന്നു. ഈ ഉത്തരവിന് ഉടനടി പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പ്രതീപ് കുമാർ.ബി
ധനകാര്യ ഡെപ്യൂട്ടി സെക്രട്ടറി

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
പഞ്ചായത്തു വകുപ്പ് ഡയറക്ടർ, ഡി.ബി.ടി സെൽ തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം, പഞ്ചായത്ത് ഡയറക്ടർ ഉത്തരവിന്റെ പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും എത്തിക്കേണ്ടതാണ്).
എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം, നഗരകാര്യ ഡയറക്ടർ ഈ ഉത്തരവിന്റെ പകർപ്പ് എല്ലാ നഗരസഭകൾക്കും എത്തിക്കേണ്ടതാണ്).
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതു ജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ